മലയാള മനോരമ

08 December 2023

# 'മില്ലറ്റും മീനും' പ്രദർശന ഭക്ഷ്യമേള 28 മുതൽ

കൊച്ചി● ചെറുധാന്യങ്ങളുടെ (മില്ലറ്റ്) പോഷക ഗുണങ്ങൾ പ്രചരിപ്പിക്കാനും മീനിനൊപ്പമുള്ള രുചിക്കൂട്ടുകൾ പരിചയപ്പെടുത്താനുമായി 'മില്ലറ്റും മീനും' പ്രദർശന ഭക്ഷ്യമേള കൊച്ചിയിൽ സംഘടിപ്പിക്കുന്നു. സിഎംഎഫ്ആർഐയുടെ മേൽനോട്ടത്തിൽ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രമാണ് 28 മുതൽ 30 വരെ മേള നടത്തുന്നത്.

സിഎംഎഫ്ആർഐയിൽ നടക്കുന്ന മേളയിൽ ചാമ, റാഗി, തിന, കമ്പ്, ചോളം, വരഗ്, പനിവരഗ്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങളും അവയിൽ നിന്നുണ്ടാക്കുന്ന ഉൽപന്നങ്ങളും വാങ്ങാം.

ബയർ-സെല്ലർ സംഗമം, മില്ലറ്റ്-മീൻ ഭക്ഷ്യമേള, മത്സ്യകൃഷിയിൽ നിന്നു വിളവെടുത്ത മീനുകളുടെ വിപണനം, ചെറുധാന്യങ്ങളുടെയും മൂല്യവർധിത ഉൽപന്നങ്ങളുടെയും വിപണനം, പാചക മത്സരം, സാങ്കേതികവിദ്യ പ്രദർശനം, ഉൽപന്നങ്ങളുടെ ലോഞ്ചിങ്, പോഷണ-ആരോഗ്യ ചർച്ചകൾ, സെമിനാറുകൾ, മില്ലറ്റ് കുക്കറി ഷോ എന്നിവയുണ്ടാകും.

സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുകയും ചെറുധാന്യ കർഷകർക്കു വിതരണ ശൃംഖല ഉണ്ടാക്കിയെടുക്കുകയും ലക്ഷ്യമാണെന്ന് സിഎംഎഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. 9496303457.